(ഇ) മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിനും അനാഥരായ കുട്ടികളുടെ സംരക്ഷണത്തിനും തമിഴ്നാട് സർക്കാർ ചെയ്തതുപോലെ ഓരോരുത്തരുടേയും പേരിൽ അഞ്ചുലക്ഷംരൂപ സർക്കാർ ഫിക്സഡ് ഡിപ്പോസിറ്റ് ചെയ്യുവാനും അവരുടെ ഭാവി ശോഭനമാക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനാഥരായവർ ആരും ഇല്ല.

(ബി) ബാധകമല്ല.

(സി) മൂന്നു കുട്ടികൾ (ആലപ്പുഴ രണ്ടും, കൊല്ലത്ത് ഒന്നും).

(ഡി) പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ഇ) സുനാമിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും അവകാശികൾക്കും നൽകേണ്ടതായ ധനസഹായം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കും ധനസഹായം ലഭിക്കുന്നതാണ്.

സുനാമി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരെ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം

135 [1364] ശ്രീ. എം. വി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരിൽ എത്രപേർക്ക് എത്ര തുക വീതം വിതരണം ചെയ്തുവെന്ന് വിശദമാക്കുമോ;

(ബി) ആശ്രിതരെ നിർണ്ണയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്താണ്;

(സി) ആശ്രിതരെ നിർണ്ണയിക്കുന്നതിന് വിവിധ ജില്ലകളിൽ വ്യത്യസ്ത മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അപ്രകാരം തീരുമാനിക്കാനുണ്ടായ കാരണമെന്താണ്;

(ഇ) ആശ്രിതരെ കണ്ടെത്താൻ കഴിയാത്തതുകാരണം എത്രപേർക്ക് ഇനിയും സഹായധനം വിതരണം ചെയ്യാനുണ്ട്;

(എഫ്) സാങ്കേതിക പ്രശ്നം ഒഴിവാക്കി മരണപ്പെട്ട മുഴുവൻപേരുടെയും ആശ്രിതർക്ക് സഹായധനം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സുനാമി ദുരന്തത്തിൽ മരിച്ചവർ തിരുവനന്തപുരം-2, കൊല്ലം-132, പത്തനംതിട്ട-1, ആലപ്പുഴ-40, കോട്ടയം-2, ഇടുക്കി-1, എറണാകുളം-8, തൃശ്ശൂർ-15, കോഴിക്കോട്-1, കണ്ണൂർ-2, കാസർഗോഡ്-3 എന്നീ പ്രകാരമാണ്. കൊല്ലം ജില്ലയിൽ 129 പേരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതവും ആലപ്പുഴ ജില്ലയിൽ പ്രായപൂർത്തിയായ 31 പേരുടെ അവകാശികൾക്ക് ഒരു ലക്ഷം രൂപ വീതവും പ്രായപൂർത്തിയാകാത്ത 9 പേരുടെ അവകാശികൾക്ക് 50,000 രൂപ വീതവും, തൃശ്ശൂർ ജില്ലയിൽ തമിഴ്നാട്ടിൽവച്ച് മരണമടഞ്ഞ 10 മുതിർന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതവും 5 കുട്ടികളുടെ അവകാശികൾക്ക് 50,000 രൂപ വീതവും കോഴിക്കോട് ജില്ലയിൽ ഒരു കുട്ടിയുടെ പിതാവിന് 50,000 രൂപയും അനുവദിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) ബന്ധപ്പെട്ട വില്ലേജാഫീസർ പരിശോധന നടത്തി നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് അവകാശികളെ നിർണ്ണയിക്കുന്നത്.

(സി ആന്റ് ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഇ) കൊല്ലം ജില്ലയിൽ രണ്ടുപേർക്കും ആലപ്പുഴ ജില്ലയിൽ മൂന്നുപേർക്കും സഹായധനം വിതരണം ചെയ്യാനുണ്ട്. മറ്റു ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(എഫ്) സുനാമി ബാധിതർക്ക് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ചുകൊണ്ട് 3-2-2005-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സുനാമി ദുരന്തത്തെത്തുടർന്ന് ദുരിതാശ്വാസനിധി സ്വരൂപിച്ച സംഘടനകൾ

136 [1366] ശ്രീ. എം. എ. വാഹീദ്:
,, ജോർജ്ജ് ജെ. മാത്യു:
,, വർക്കല കഹാർ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും, നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തം നേരിട്ടപ്പോൾ എത്ര വ്യക്തികളും സംഘടനകളും മാധ്യമങ്ങളും ദുരിതാശ്വാസ നിധി പിരിച്ചു;

(ബി) ഇവർ ദുരിതാശ്വാസനിധി പിരിക്കുന്നതിന് എന്തെങ്കിലും ഗൈഡ്ലൈൻ ഉണ്ടായിരുന്നുവോ;

(സി) എങ്കിൽ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly